"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-11-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്- പട്ടിക ജാതി കോളനികളിൽ സായാഹ്ന പഠന കേന്ദ്രം എന്ന പദ്ധതി നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.253/2022/LSGD തീയതി,തിരുവനന്തപുരം, 05-02-2022

---

പരാമർശം:- 1. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2021 ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 11.01.2022-ലെ തീരുമാനം നം.4.18

**ഉത്തരവ്**

പട്ടികജാതി കോളനികളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച 'പട്ടിക ജാതി കോളനികളിൽ സായാഹ്ന പഠന കേന്ദ്രം' എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പത്തോ അതിൽ കൂടുതലോ വിദ്യാർത്ഥികളുള്ള 32 പട്ടികജാതി കോളനികളിൽ, പരിശീലനം ലഭിച്ച ട്യൂട്ടർമാരുടെ സഹായത്തോടെ പഠനാനുബന്ധ പ്രവർത്തനങ്ങൾ നടത്താൻ ലക്ഷ്യമിടുന്നു. ഒരു ട്യൂട്ടർക്ക് പ്രതിമാസം 5000/- രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിന് ആകെ7,68,000/- രൂപയും കലാ സംസ്കാരിക പരിപാടികൾക്കായി 61,880/- രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്ന അപേക്ഷ കോർഡിനേഷൻ സമിതി പരിഗണിക്കുകയും പരാമർശം (2) പ്രകാരം നിബന്ധനകളോടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പട്ടിക ജാതി കോളനികളിൽ സായാഹ്ന പഠനകേന്ദ്രം എന്ന പദ്ധതി ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

1. എവിടെ വച്ചാണ് പരിശീലനം നൽകുന്നതെന്ന് പ്രോജക്റ്റിൽ വ്യക്തമാക്കണം.

2. എസ്.സി. കോളനികളിൽ വച്ച തന്നെയാണ് പരിശീലനം നൽകുന്നതെങ്കിൽ വൈദഗ്ധ്യമുള്ള എസ്.സി. വിഭാഗത്തിലെ ട്യൂട്ടർമാർ ഉണ്ടെങ്കിൽ അവരെയും പരിഗണിക്കേണ്ടതാണ്.
3. ഗുണപരമായ പരിശീലനമാണ് നൽകുന്നതെന്ന് ഉറപ്പാക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 09-02-2022 15:59:21
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്